

● റംസി ബാറൂദ്

അമേരിക്കയിൽ സ്ഥിര താമസമാക്കിയ ഫലസ്തീൻ വംശജനാണ് ലേഖകൻ. Palastine Chronicle.com -ന്റെ എഡിറ്ററാണ്. *The Second Palastinian Intifada: A Chronicle of a People's Struggle* - Pluto press, London- ആണ് അദ്ദേഹം അവസാനമെഴുതിയ പുസ്തകം.

# ജനസമ്മതി
## ഒപ്പിച്ചെടുക്കുമ്പോൾ സംഭവിക്കുന്നത്

**ബഹുജനസമ്പർക്കമെന്ന** കലയെ ഇരുപതാം നൂറ്റാണ്ടിൽ സമർഥമായി ഉപയോഗിച്ച ഒരാളാണ് എഡ്വേർഡ് ബേണയ്സ് (Edward Bernays). തന്റെ അമ്മാവനായ സിഗ്മണ്ട് ഫ്രോയിഡിന്റെ പല മനശ്ശാസ്ത്ര വിശകലനങ്ങളും പ്രയോജനപ്പെടുത്തി പൊതുജനത്തെ എങ്ങനെ വരുതിയിലാക്കാമെന്ന വിദ്യയാണ് അദ്ദേഹം വികസിപ്പിച്ചെടുത്തത്. ഇത്തരം വിദ്യകൾ ജനാധിപത്യത്തിന് ഒഴിച്ചുകൂടാനാവാത്തതാണെന്നും എഡ്വേർഡ് ബേണയ്സ് പറഞ്ഞുവെക്കുകയുണ്ടായി. പൊതുജനം വെറും വിഡ്ഢികളാണെന്നായിരുന്നു അദ്ദേഹത്തിന്റെ ഉറച്ച വിശ്വാസം. എങ്ങനെ പെരുമാറണം, എന്ത് വിശ്വസിക്കണം, എന്ത് ഭക്ഷിക്കണം, എന്തു ധരിക്കണം, എങ്ങനെ വോട്ട് ചെയ്യണം എന്നൊക്കെ മറ്റാരെങ്കിലും അവർക്ക് പറഞ്ഞുകൊടുക്കേണ്ടിവരും. ഈ ധാരണയുടെ അടിസ്ഥാനത്തിൽ ഈ മനുഷ്യൻ നടത്തിയ പരീക്ഷണങ്ങളുടെ അനുരണനങ്ങൾ ഇന്നും നമുക്ക് കാണാനാവുന്നുണ്ട്.

ആധുനിക പൗരനെ ആധുനിക ഉപഭോക്താവാക്കി മാറ്റുന്നതിൽ തൊള്ളായിരത്തി ഇരുപതുകളിലും മുപ്പതുകളിലും ബേണയ്സ് വഹിച്ച പങ്ക് ചില ചരിത്രകാരന്മാർ എടുത്തുപറയുന്നു. 'നല്ലൊരു പ്രാതൽ' ആവണമെങ്കിൽ പരമ്പരാഗതമായി ശീലിച്ചുപോന്ന മൊരിച്ച റൊട്ടിയും കാപ്പിയും പോരാ, ഉപ്പിലിട്ട പന്നിയിറച്ചിയും മുട്ടയും കൂടെ വേണം എന്ന് അമേരിക്കക്കാരെ അദ്ദേഹം വിശ്വസിപ്പിച്ചു. അക്കാലം ഫെമിനിസം കത്തിനിൽക്കുകയാണ്. സിഗററ്റുകൾ പുരുഷാധിപത്യത്തിന്റെ പ്രതീകമാണ് എന്നായി ബേണയ്സ്. സ്ത്രീജനങ്ങളെ അത് വിശ്വസിപ്പിക്കാനും അദ്ദേഹത്തിന് സാധിച്ചു. പുരുഷാധിപത്യത്തെ ചെറുക്കണമെങ്കിൽ സ്ത്രീകൾ സിഗററ്റ് വലിച്ചിരിക്കണം! കുറച്ച് പ്രചാരണതന്ത്രങ്ങൾ കൂടിയായപ്പോൾ, സിഗററ്റുകളുടെ ('സ്വാതന്ത്ര്യത്തിന്റെ പ്രകാശവാഹികൾ' എന്നായിരുന്നുവത്രെ സിഗററ്റുകൾക്ക് ഇയാൾ നൽകിയ വിശേഷണം) വിൽപന കുതിച്ചുയർന്നു. ക്രമേണ പുകയിലക്കച്ചവടക്കാരുടെ കമ്പോളം ഇരട്ടിയോളം വളർന്നു. ഈ കച്ചവടക്കാർ ബേണയ്സിന്റെ സ്വന്തം ആളുകളുമായിരുന്നു.

ഇത്തരം തന്ത്രങ്ങൾ അതിവേഗം രാഷ്ട്രീയവത്കരിക്കപ്പെടുക തികച്ചും സ്വാഭാവികം. അധികാരം നേടാനും ഉറപ്പിക്കാനും നിരവധി അമേരിക്കൻ പ്രസിഡന്റുമാരും പ്രസിഡന്റ് സ്ഥാനാർഥികളും ബേണയ്സിന്റെ ആശയങ്ങൾ കടമെടുത്തിട്ടുണ്ട്. കുത്തകക്കച്ചവടക്കാരുടെ സ്വാധീനത്തിൽനിന്ന് അമേരിക്കൻ ജനാധിപത്യത്തെ രക്ഷിക്കാൻ ചില ശ്രമങ്ങളെങ്കിലും ഉണ്ടായിട്ടുണ്ട് എന്നതും കാണാതിരുന്നുകൂടാ. അത്തരത്തിലുള്ള ഒന്നായിരുന്നു തൊള്ളായിരത്തി മുപ്പതുകളിൽ പ്രസിഡന്റ് റൂസ്വെൽറ്റ് പ്രഖ്യാപിച്ച New Deal പദ്ധതി. ജനാധിപത്യ പ്രക്രിയയിൽ ഓരോ പൗരന്റെയും യഥാർഥ പങ്കാളിത്തം ഉറപ്പുവരുത്താനുള്ള ഈ പദ്ധതി വൻകിട കച്ചവടക്കാർക്ക് രുചിച്ചില്ല. അവർ അതിനെതിരെ രംഗത്തുവന്നു. പൗരന്മാരെ ഉപഭോക്താക്കളായി തന്നെ തിരിച്ചുപിടിക്കാൻ വീറോടെ പോരാടി. ജനാധിപത്യവത്കരണ സംരംഭം പൊളിയുകയും കുത്തകകൾ വിജയക്കൊടി നാട്ടുകയും ചെയ്തു.

അധികം കഴിയുന്നതിനു മുമ്പ് ബേണയ്സിന്റെ തിയറി അമേരിക്കയുടെ വിദേശനയങ്ങളിലും പ്രയോഗിക്കപ്പെട്ടു. ഗ്വാട്ടിമല ലക്ഷണമൊത്ത ഉദാഹരണമാണ്. തൊള്ളായിരത്തി അമ്പതുകളിൽ ഗ്വാട്ടിമലയിൽ ജനകീയ മുന്നേറ്റം നടക്കുന്ന കാലം. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ജാക്കാബോ അർബെൻസ് അധികാരത്തിലേറാനിരിക്കുന്നു. തുല്യ നീതിയോടെ ഭൂപരിഷ്കരണനിയമം കൊണ്ടുവരുമെന്നാണ് അദ്ദേഹത്തിന്റെ പ്രഖ്യാപനം. ഇത് ഗ്വാട്ടിമലയിലെ അമേരിക്കൻ കമ്പനിയായ യുണൈറ്റഡ് ഫ്രൂട്ടിന്റെ താൽപര്യങ്ങൾ അട്ടിമറിക്കും. ലാഭം കൊയ്യുന്ന ഈ 'ബനാന റിപ്പബ്ലിക്' വിട്ടുകൊടുക്കാൻ കമ്പനി തയാറല്ല. തൊട്ടു പിന്നാലെ നാം കാണുന്നത് അമേരിക്കയിലെ മീഡിയാതമ്പുരാക്കന്മാർ സടകുടഞ്ഞെഴുന്നേൽക്കുന്നതാണ്. അർബെൻസ് അമേരിക്കൻ ജനാധിപത്യത്തിന് ഭീഷണിയാണെന്ന് മീഡിയ അമേരിക്കക്കാരെ വിശ്വസിപ്പിച്ചു. അങ്ങനെ സി.ഐ.എ കാർമികത്വത്തിൽ അട്ടിമറി നടക്കുകയും തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ് പുറത്താക്കപ്പെടുകയും കാസ്റ്റില്ലോ അർമസ് എന്ന പാവയെ തൽസ്ഥാനത്ത് പ്രതിഷ്ഠിക്കുകയും ചെയ്തു. ഗ്വാട്ടിമല സന്ദർശിച്ച അന്നത്തെ അമേരിക്കൻ വൈസ് പ്രസിഡന്റ് റിച്ചാർഡ് നിക്സൻ അർമസിനെ വിശേഷിപ്പിച്ചത് 'വിമോചകൻ' എന്നായിരുന്നു.

ഉപബോധമനസ്സിലെ ഒരാളുടെ ആഗ്രഹങ്ങൾ നിയന്ത്രിച്ചില്ലെങ്കിൽ അവ വളരെ ഭീകരമാംവിധം ക്രൂരവും അക്രമാസക്തവുമായിത്തീരുമെന്ന് ഫ്രോയിഡ് 'നാഗരികതയും അതിന്റെ അസംതൃപ്തികളും' എന്ന കൃതിയിൽ പറയുന്നുണ്ട്. കനത്ത ലാഭം ഉറപ്പാക്കുന്ന രീതിയിൽ ആ ആഗ്രഹങ്ങളെ തടയുകയാണ് പരിഹാരമെന്ന് അനന്തരവൻ (ബേണയ്സ്) അതിന് ടിപ്പണി എഴുതി. തുടർന്നുവന്ന എല്ലാ അമേരിക്കൻ ഭരണകൂടങ്ങളും ആ വ്യാഖ്യാനങ്ങൾ ശ്രദ്ധിച്ചു. പൊതുജനങ്ങളിൽ ചിത്തഭ്രമവും ഭീതിയും കുത്തിവെക്കുന്ന രീതിയിൽ ഉപബോധമനസ്സുമായി ബന്ധപ്പെട്ട ഘടകങ്ങളെ എങ്ങനെ ചൂഷണം ചെയ്യാം എന്നാണവർ ആലോചിച്ചത്. ഭരണകൂടങ്ങൾ അക്കാര്യത്തിൽ നന്നായി വിജയിക്കുകയും ചെയ്തു. അങ്ങനെ നിരവധി യുദ്ധങ്ങൾ പ്രഖ്യാപിക്കപ്പെട്ടു. പല ഭരണകൂടങ്ങളെയും

അട്ടിമറിച്ചു. ഉറങ്ങിക്കിടക്കുന്ന ജനസമൂഹങ്ങളുടെ മേൽ ബോംബുകൾ വർഷിച്ചു-എല്ലാം ജനാധിപത്യത്തിന്റെ പേരിൽ. 'ജനസമ്മതി ഒപ്പിച്ചെടുക്കുക' (managing consent) എന്നാണ് ബേണയ്സ് ഈ തന്ത്രത്തിന് കൊടുത്ത പേര്. ചോംസ്കിയും ഹെർമനും കുറേക്കൂടി സത്യസന്ധമായി 'ജനസമ്മതിയുടെ നിർമിതി' (manufacturing consent) എന്ന് വിളിക്കുന്നതും ഇതിനെ തന്നെ. ഇതാണ് അമേരിക്കയിൽ യഥാർഥ ജനാധിപത്യം അട്ടിമറിക്കപ്പെടാനുള്ള പ്രധാന ഹേതു. അമേരിക്കൻ നിയന്ത്രണമേഖലയിലുള്ള രാജ്യങ്ങളിൽ സംഭവിക്കുന്ന അക്രമാസക്തമായ പരിണതികൾക്ക് പിന്നിലും 'ജനസമ്മതി ഒപ്പിച്ചെടുക്കൽ' തന്ത്രമാണ് പ്രവർത്തിക്കുന്നത്.

കോർപറേറ്റുകളുടെയും ഭരണകൂടത്തിന്റെയും ജനാധിപത്യവിരുദ്ധമായ ഒത്തുചേരലിനെതിരെ അറുപതുകളിലും എഴുപതുകളിലും ഉണ്ടായ ജനകീയ ചെറുത്തുനിൽപുകൾ ഒടുവിൽ കുത്തകകളുടെ വിജയത്തിൽ കലാശിക്കുകയാണുണ്ടായത്. ചിലപ്പോൾ ജനകീയ സമരങ്ങളെ അടിച്ചൊതുക്കുന്നത് ശക്തിപ്രയോഗിച്ചുകൊണ്ടാവും. അല്ലെങ്കിൽ അസംതൃപ്തിയിൽനിന്ന് ഉടലെടുത്ത സമരങ്ങളെത്തന്നെ തങ്ങളുടെ ആശയങ്ങളും ഉൽപന്നങ്ങളും വിൽക്കുന്നതിനായി അവർ ഉപയോഗപ്പെടുത്തും. കോർപറേറ്റുകളും ഭരണകൂടവും ഒരു വശത്തും ജനങ്ങൾ മറുവശത്തുമായി ചേരിതിരിയുമ്പോഴെല്ലാം ഈ തന്ത്രം പ്രയോഗിക്കപ്പെട്ടിരുന്നതായി നാം കണ്ടെത്തുന്നു.

2003-ലെ ഇറാഖ് അധിനിവേശത്തിനു ശേഷം ഉയർന്നുവന്ന യുദ്ധവിരുദ്ധ പ്രസ്ഥാനത്തെ തനിക്കനുകൂലമാക്കാൻ അമേരിക്കൻ പ്രസിഡന്റ് ജോർജ് ബുഷ് പ്രയോഗിച്ച അടവാണ് ഇതിന്റെ ഒടുവിലത്തെ ഉദാഹരണം. അദ്ദേഹത്തിന്റെ ന്യായവാദം- ഇതേ ന്യായവാദം തന്നെ മുൻ ബ്രിട്ടീഷ് പ്രധാനമന്ത്രി ടോണി ബ്ലെയറും ഉന്നയിച്ചു- വളരെ ലളിതവും എന്നാൽ അങ്ങേയറ്റം വഞ്ചനാപരവുമാണ്: 'മില്യൻ കണക്കിന് അമേരിക്കക്കാർക്ക് ഇന്ന് അവരുടെ ഗവൺമെന്റുമായി സമാധാനപരമായി വിയോജിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. അതിന്റെ പേരിൽ അവർ പീഡിപ്പിക്കപ്പെടുന്നില്ല. ഈ സ്വാതന്ത്ര്യം സദ്ദാമിന്റെ കീഴിൽ ഇറാഖികൾക്ക് ലഭിക്കുന്നില്ല. അതിനാൽ നാം അനുഭവിക്കുന്ന ജനാധിപത്യം ഇറാഖിൽ കൊണ്ടുവരികയാണ് ഇറാഖ്യുദ്ധം കൊണ്ട് ലക്ഷ്യമിടുന്നത്.' ഇറാഖികൾ ഇപ്പോൾ കൊയ്തെടുക്കുന്ന 'ജനാധിപത്യത്തിന്റെ വിളകൾ' എന്താണെന്ന് അറിയുന്ന ആർക്കും ഈ താരതമ്യത്തിന്റെ പരിഹാസ്യത ബോധ്യപ്പെടാതിരിക്കില്ല. പക്ഷേ, പല അമേരിക്കക്കാരും, ചില യുദ്ധവിരുദ്ധർ വരെ ബുഷിന്റെ ഈ ന്യായവാദത്തിൽ വീണു എന്നതാണ് സത്യം. ഇത്തരം ന്യായവാദങ്ങൾ യുദ്ധത്തിന്റെ നിയമവിരുദ്ധത എന്ന മുഖ്യപ്രശ്നത്തിൽനിന്ന് ചർച്ചയുടെ ദിശതന്നെ മാറ്റിക്കളഞ്ഞു. 'സദ്ദാമില്ലാത്ത സുഖസുന്ദരലോക'ത്തെക്കുറിച്ചായി പിന്നെ ചർച്ച മുഴുവനും. ചർച്ചയുടെ ദിശതെറ്റിക്കുന്ന ഈ തന്ത്രം ഒട്ടും പുതിയതല്ല; ഇറാഖിലല്ല ഇത് ആദ്യമായി പ്രയോഗിക്കപ്പെട്ടതും.

എവിടെയെല്ലാം അമേരിക്കൻ ഭരണകൂടവും കോർപറേറ്റ് മുതലാളിമാരും യുദ്ധവും ലാഭവും ഉന്നം വെക്കുന്നുണ്ടോ അവിടെയൊക്കെ ജനാധിപത്യത്തിന്റെ ഒരു ബാനർ വലിച്ചുകെട്ടിയിരിക്കും. രണ്ടാം ലോക യുദ്ധാനന്തരം തുടർന്നുവരുന്ന രീതിയാണിത്. ഈ ബാനറിൽ സി.ഐ.എ നിയമാനുസൃതം തെരഞ്ഞെടുക്കപ്പെട്ട എത്ര ജനകീയ ഗവൺമെന്റുകളെയാണ് അട്ടിമറിച്ചത്! ഫലസ്ത്വീനിലെ തെരഞ്ഞെടുപ്പിന്റെ കാര്യമെടുക്കാം. ഈ മേഖലയിലെ ഏറ്റവും സംശുദ്ധമായ തെരഞ്ഞെടുപ്പാണ് 2006 ജനുവരിയിൽ നടന്നത്. പക്ഷേ തെരഞ്ഞെടുക്കപ്പെട്ടത് ഹമാസ്. ഇസ്രയേൽ അധിനിവേശത്തെയും മേഖലയിലെ അമേരിക്കൻ നയങ്ങളെയും ശക്തമായി ചെറുക്കുന്ന സംഘടന. എങ്കിൽപിന്നെ ഫലസ്ത്വീനികളെ ഒന്നടങ്കം പട്ടിണിക്കിടുന്നതും ഇസ്രയേൽ അവരെ ഭീകരരായി അടിച്ചമർത്തുന്നതും ന്യായം, നീതി! ഇതിന് അമേരിക്കയുടെയും ലോകത്തെ സകല ബാങ്കുകളുടെയും മുഴുവൻ പിന്തുണ. ഫലസ്ത്വീനിയൻ പരീക്ഷണം അത്ര പെട്ടെന്ന് തീരുമെന്ന് തോന്നുന്നില്ല. പക്ഷേ ഇതേവരെയുള്ള അതിന്റെ ഫലങ്ങൾ തന്നെ അത്യന്തം വിനാശകരമാണ്.

എഡ്വേർഡ് ബേണയ്സിന്റെ പ്രത്യക്ഷ സ്വാധീനം എന്നോ ഇല്ലാതായി. പക്ഷേ, അയാളുടെ ആശയങ്ങൾ ഇന്നും അമേരിക്കൻ ഭരണകൂടം, കോർപറേറ്റുകൾ, ഉപഭോക്താക്കളായ പൗരസമൂഹം എന്നിവ തമ്മിലുള്ള ബന്ധത്തെ നിർവചിച്ചുകൊണ്ടിരിക്കുന്നു. വളരെ വിദഗ്ധമായി വളച്ചെടുക്കപ്പെട്ട ഈ ബന്ധങ്ങൾ ജനാധിപത്യത്തെ കശാപ്പു ചെയ്യുകയും ഭീകരയുദ്ധങ്ങളെയും അനിയന്ത്രിതമായ അക്രമവാസനകളെയും തുറന്നുവിടുകയും ചെയ്തു. ഫ്രോയിഡ് ഇതിനെക്കുറിച്ച് മുന്നറിയിപ്പ് നൽകിയതാണ്. പക്ഷേ, അദ്ദേഹത്തിന്റെ അനന്തരവൻ ഒരു ഉളുപ്പുമില്ലാതെ ഈ അവസ്ഥ മുതലെടുക്കുകയായിരുന്നു.

■